**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4089** **03-03-2023 - ൽ മറുപടിയ്ക്ക്**

**റേഷൻ വ്യാപാരികൾ നേരിടുന്ന പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര സർക്കാർ പി.എം.ജി.കെ.എ.വൈ. നിർത്തലാക്കിയതോടെ റേഷൻ വ്യാപാരികൾ പ്രതിസന്ധി നേരിടുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിൽ വന്നതിനു ശേഷം 10/11/2017ലെ സ.ഉ.(കൈ) നം.29/17/ഭ.പൊ.വി.വ ഉത്തരവ് പ്രകാരം വ്യാപാരികൾക്കുള്ള കമ്മീഷൻ പരിഷ്കരിക്കുകയും എന്നാൽ ആയതു പ്രകാരമുള്ള പാക്കേജ് താരതമ്യേന കുറവു വിൽപ്പനയുള്ള ഒരു വിഭാഗം വ്യാപാരികളെ പ്രതികൂലമായി ബാധിക്കുമെന്നും പ്രസ്തുത അപാകതകൾ പരിഹരിച്ചു കൊണ്ട് കമ്മീഷൻ പാക്കേജ് പരിഷ്കരിക്കണമെന്നുമുള്ള റേഷൻ വ്യാപാരി സംഘടനകളുടെ ആവശ്യത്തെത്തുടർന്ന് പാക്കേജ് പരിഷ്കരണത്തിനായി ഒരു സബ് കമ്മിറ്റി രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റിയുടെ ശുപാർശയനുസരിച്ച് 30/11/2018ലെ സ.ഉ.(കൈ) നം.46/2018/ ഭ.പൊ. വി.വ ഉത്തരവ് പ്രകാരം, വ്യാപാരി കമ്മീഷൻ വീണ്ടും പരിഷ്കരിക്കുകയും ചെയ്തു. ആയതു പ്രകാരമാണ് നിലവിൽ കമ്മീഷൻ നൽകി വരുന്നത്.<br><br>കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി 2020 ഏപ്രിൽ മുതൽ 2022 ഡിസംബർ വരെയുള്ള മാസങ്ങളിൽ പി.എം.ജി.കെ.എ.വൈ സ്കീമിൽ കേന്ദ്ര സർക്കാർ എ.എ.വൈ, പ്രയോറിറ്റി വിഭാഗങ്ങൾക്കായി അധിക ഭക്ഷ്യധാന്യം അനുവദിച്ചിരുന്നു. പി.എം.ജി.കെ.എ.വൈ സ്കീമിലെ അധിക ഭക്ഷ്യധാന്യ വിതരണ മുണ്ടായിരുന്ന മാസങ്ങളിൽ വ്യാപാരികൾക്ക് കമ്മീഷൻ ഇനത്തിൽ കൂടുതൽ തുക ലഭ്യമായിട്ടുണ്ട്. ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം ലഭ്യമാകുന്ന ഭക്ഷ്യധാന്യങ്ങളുടെ അളവിനെ അടിസ്ഥാനപ്പെടുത്തിയാണ് വ്യാപാരികൾക്കുള്ള കമ്മീഷൻ നിശ്ചയിച്ച് നല്കിയിട്ടുള്ളത്. ആയതിനാൽ പി.എം.ജി.കെ.എ.വൈ സ്കീം നിർത്തലാക്കിയത് 30.11.2018ലെ ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുള്ള |

| | | | |
|---|---|---|---|
| | | | കമ്മീഷനെ ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പി.എം.ജി.കെ.എ.വൈ പദ്ധതി പുനരാരംഭിക്കുമെന്ന് കേന്ദ്ര ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നുവെങ്കിലും ഇത് സംബന്ധിച്ച് ഉത്തരവുകളൊന്നും ഇതുവരെ ലഭ്യമായിട്ടില്ല. |
| (ബി) | എങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ? | (ബി) | ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിൽ വന്നതിനു ശേഷം 10/11/2017ലെ സ.ഉ.(കൈ) നം.29/17/ഭ.പൊ.വി.വ ഉത്തരവ് പ്രകാരം വ്യാപാരികൾക്കുള്ള കമ്മീഷൻ പരിഷ്കരിക്കുകയും എന്നാൽ ആയതു പ്രകാരമുള്ള പാക്കേജ് താരതമ്യേന കുറവു വിൽപ്പനയുള്ള ഒരു വിഭാഗം വ്യാപാരികളെ പ്രതികൂലമായി ബാധിക്കുമെന്നും പ്രസ്തുത അപാകതകൾ പരിഹരിച്ചു കൊണ്ട് കമ്മീഷൻ പാക്കേജ് പരിഷ്കരിക്കണമെന്നുമുള്ള റേഷൻ വ്യാപാരി സംഘടനകളുടെ ആവശ്യത്തെത്തുടർന്ന് പാക്കേജ് പരിഷ്കരണത്തിനായി ഒരു സബ് കമ്മിറ്റി രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റിയുടെ ശുപാർശയനുസരിച്ച് 30/11/2018ലെ സ.ഉ.(കൈ) നം.46/2018/ ഭ.പൊ. വി.വ ഉത്തരവ് പ്രകാരം, വ്യാപാരി കമ്മീഷൻ വീണ്ടും പരിഷ്കരിക്കുകയും ചെയ്തു. ആയതു പ്രകാരമാണ് നിലവിൽ കമ്മീഷൻ നൽകി വരുന്നത്.<br><br>കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി 2020 ഏപ്രിൽ മുതൽ 2022 ഡിസംബർ വരെയുള്ള മാസങ്ങളിൽ പി.എം.ജി.കെ.എ.വൈ സ്കീമിൽ കേന്ദ്ര സർക്കാർ എ.എ.വൈ, പ്രയോറിറ്റി വിഭാഗങ്ങൾക്കായി അധിക ഭക്ഷ്യധാന്യം അനുവദിച്ചിരുന്നു. പി.എം.ജി.കെ.എ.വൈ സ്കീമിലെ അധിക ഭക്ഷ്യധാന്യ വിതരണമുണ്ടായിരുന്ന മാസങ്ങളിൽ വ്യാപാരികൾക്ക് കമ്മീഷൻ ഇനത്തിൽ കൂടുതൽ തുക ലഭ്യമായിട്ടുണ്ട്. ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം ലഭ്യമാകുന്ന ഭക്ഷ്യധാന്യങ്ങളുടെ അളവിനെ അടിസ്ഥാനപ്പെടുത്തിയാണ് വ്യാപാരികൾക്കുള്ള കമ്മീഷൻ നിശ്ചയിച്ച് നല്കിയിട്ടുള്ളത്. ആയതിനാൽ പി.എം.ജി.കെ.എ.വൈ സ്കീം നിർത്തലാക്കിയത് 30.11.2018ലെ ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുള്ള കമ്മീഷനെ ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പി.എം.ജി.കെ.എ.വൈ പദ്ധതി പുനരാരംഭി ക്കുമെന്ന് കേന്ദ്ര ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നുവെങ്കിലും ഇത് സംബന്ധിച്ച് ഉത്തരവുകളൊന്നും ഇതുവരെ ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ